പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4998 — 24.07. 2015 ൽ മറുപടിക്ക്.

ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം വ്യവസ്ഥകൾ നാളിതുവരെ നടപ്പാക്കി എന്നും ഇനിയും നടപ്പാക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശുപാർശകൾ പ്രധാനമായും നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ആശുപത്രി വ്യവസായ രംഗത്തെ വേതന പരിഷ്കരണം, ആശുപത്രി ജീവനക്കാരുടെ ജോലി സമയം, ഷിഫ്റ്റ് എന്നിവ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളാണ്. 28.05.2012-ലെ സ.ഉ.(സാധാ) നമ്പർ. 799/12/തൊഴിൽ പ്രകാരം രൂപീകരിച്ച ത്രികക്ഷി സമിതിയായ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ടി കമ്മീഷന്റെ ശുപാർശകൾ പരിശോധിക്കുകയും ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളി-തൊഴിലുടമാ പ്രതിനിധി കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി പരിഗണിക്കുകയും ചർച്ചകളിലൂടെ വേതന പരിഷ്ക്കരണം സംബന്ധിച്ച് അഭിപ്രായ സമന്വയത്തിലെത്തിയതിന്റെ യടിസ്ഥാനത്തിൽ സർക്കാരിൽ ലഭ്യമാക്കിയ ശുപാർശ പരിശോധിച്ച് 05.11.2013-ലെ സ.ഉ. |

(എം.എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഈ വേതന നിരക്ക് ജീവനക്കാർക്ക് ഉറപ്പു വരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്നതു പ്രകാരമുള്ള ഷിഫ്റ്റ് സമ്പ്രദായം, നഴ്സുമാരുടെ ജോലി സമയം എന്നിവയെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച ശ്രീ.വി.വീരകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് ആശുപത്രി വ്യവസായ ബന്ധസമിതി ചർച്ച നടത്തി വരികയുമാണ്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്താകമാനം എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു എന്നും ഇവയിലാകെ എത്ര നഴ്സുമാർ ഉൾപ്പെടെ മറ്റു ജീവനക്കാർ പ്രവർത്തിക്കുന്നു എന്നും ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ; | (ബി) | ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇവർക്ക് ഇന്നു ലഭിക്കുന്ന വേതന നിരക്കുകൾ എത്രയെന്നും പല സ്വകാര്യ ആശുപത്രികളും സർക്കാർ നിർദ്ദേശിക്കുന്ന തുക നൽകുന്നില്ല എന്നതും വേതന തുക ബാങ്കിൽ നിക്ഷേപിക്കുകയും സ്വകാര്യ ആശുപത്രികൾ തീരുമാനിക്കുന്ന നിരക്ക് കഴിഞ്ഞ് ബാക്കി ഭാഗം തിരികെ വാങ്ങുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) | സ്വകാര്യ ആശുപത്രികളിലെ ജീവന ക്കാരുടെ മിനിമം വേതനം 05.11.2013-ലെ സ.ഉ.(എം.എസ്) നം. 135/2013/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ ടി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പ്രകാരമുള്ള മിനിമം വേതനം ടി മേഖലയിലെ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. |
| (ഡി) | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാർ | | |

ഇത്തരം വിഷയങ്ങളിൽ പ്രതികരിച്ചാൽ അവർക്ക് ജോലി നഷ്ടപ്പെടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നും അവരുടെ ജോലിസ്ഥിരതയും സർക്കാർ നിർദ്ദേശിച്ച ശമ്പളവും ഉറപ്പുവരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

2015 ജനുവരി മുതൽ മെയ് വരെ നടത്തിയ പരിശോധനയിൽ മിനിമം വേതനം നടപ്പിലാക്കാത്ത 30 സ്വകാര്യ ആശുപത്രികൾക്കെതിരെ 1,49,54,800/- രൂപയുടെ (ഒരു കോടി നാൽപ്പത്തി യൊമ്പത് ലക്ഷത്തി അമ്പത്തി നാലായിരത്തി എണ്ണൂറ് രൂപ മാത്രം) ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതു കൂടാതെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനും വേതനം ബാങ്കു മുഖേന ലഭ്യമാക്കുന്ന തിനും വേതന സ്ലിപ്പ് ഓൺലൈൻ മുഖേന ലഭിക്കുന്നതിനും 'വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കുന്നതിലൂടെ സാധിക്കു ന്നതാണ്. ഇതുവഴി തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭിക്കുന്നുണ്ടോ എന്ന് ഓൺലൈനായി തന്നെ പരിശോധിക്കാം. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾ ക്കെതിരെ നടപടികൾ സ്വീകരിക്കുവാനും കഴിയും.

വേതന തുക ബാങ്കിൽ നിക്ഷേപിച്ച ശേഷം ആശുപത്രി മാനേജ്മെന്റുകൾ നിശ്ചയിക്കുന്ന തുകയിൽ കൂടുതലുള്ള ഭാഗം തൊഴിലാളികളിൽ നിന്ന് തിരികെ വാങ്ങുന്നതായോ അത്തരത്തിലുള്ള പരാതികളോ ഇതുവരെ ലഭിച്ചിട്ടില്ല. എന്നിരുന്നാലും സ്ക്വാഡ് പരിശോധനാ വേളകളിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നില്ലായെന്ന് തൊഴിലാളികളോട് നേരിട്ടും രജിസ്റ്ററുകൾ പരിശോധിച്ചും ഉറപ്പു വരുത്താറുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | ജില്ല | ആശുപത്രികളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം (നഴ്സുമാർ ഉൾപ്പെടെ) |
|---|---|---|---|
| 1. | തിരുവനന്തപുരം | 138 | 13060 |
| 2. | കൊല്ലം | 145 | 4870 |
| 3. | പത്തനംതിട്ട | 46 | 4916 |
| 4. | ആലപ്പുഴ | 72 | 2810 |
| 5. | കോട്ടയം | 76 | 5428 |
| 6. | ഇടുക്കി | 35 | 1729 |
| 7. | എറണാകുളം | 95 | 17800 |
| 8. | തൃശ്ശൂർ | 70 | 8743 |
| 9. | പാലക്കാട് | 56 | 3124 |
| 10. | മലപ്പുറം | 92 | 5651 |
| 11. | കോഴിക്കോട് | 76 | 9176 |
| 12. | വയനാട് | 38 | 834 |
| 13. | കണ്ണൂർ | 87 | 7215 |
| 14. | കാസർഗോഡ് | 42 | 1363 |
| ആകെ | | 1068 | 86719 |

സെക്ഷൻ ഓഫീസർ